## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 668      10.03.2015-ൽ മറുപടിയ്ക്ക്

### പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് നീക്കിവച്ച തുക

**ചോദ്യം**
**ശ്രീ.സി.ദിവാകരൻ**

**മറുപടി**
**കുമാരി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിന് 2014-15 സാമ്പത്തിക വർഷത്തിൽ എത്ര തുകയാണ് നീക്കിവച്ചത്; ഇതുവരെ എത്ര തുകയാണ് ചെലവഴിച്ചത്? | എ) | പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനും, വിദ്യാഭ്യാസം സാർവ്വത്രികമാകുന്നതിനുമായി ഓരോ സാമ്പത്തിക വർഷവും, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിന്റെ നല്ലൊരു ശതമാനം തുക നീക്കി വയ്ക്കുന്നുണ്ട്. 2014-15 സാമ്പത്തികവർഷം ടി ആവശ്യത്തിലേയ്ക്കായി പ്ലാൻ ശീർഷകത്തിൽ 12 ,850 ലക്ഷം രൂപയും നോൺ പ്ലാൻ ശീർഷകത്തിൽ 5092.75 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ടി തുകയിൽ നിന്നും പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി നെഴ്സറി സ്കൂളുകൾ, പെരിപ്പതെറ്റിക് സെന്ററുകൾ, പ്രീമെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ, ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ആശ്രമം സ്കൂളുകൾ, വിവിധ തരം ഇൻസെന്റീവുകൾ, VTC, PCTC, ITC തുടങ്ങിയവയുടെ പ്രവർത്തനങ്ങൾക്കും, ഗോത്രസാരഥി, ട്യൂട്ടോറിയൽ ഗ്രാന്റ് തുടങ്ങിയ പദ്ധതികൾക്കും ടി തുക ചെലവഴിക്കുന്നു. |

| | | | |
|---|---|---|---|
| | | | നാളിതുവരെയുള്ള കണക്കുകൾ പ്രകാരം വിദ്യാഭ്യാസത്തിനായി വകയിരുത്തിയിട്ടുള്ള തുകയിൽ പ്ലാൻ ശീർഷകത്തിൽ നിന്നും 5958.83 ലക്ഷം രൂപയും നോൺ പ്ലാൻ ശീർഷകത്തിൽ നിന്നും നടത്തിപ്പിനും അനുബന്ധ ചെലവുകൾക്കുമായി വകയിരുത്തിയ 37,06,83,000/-രൂപയിൽ നിന്നും 33,89,25,720/-രൂപ ചെലവഴിക്കുകയും ശമ്പളത്തിനും അനുബന്ധ ചെലവുകൾക്കുമായി അനുവദിച്ച 13,85,92,000/- രൂപയിൽ 4,18,97,280/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ